"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - പാലക്കാട് ഡിവിഷനിലെ ഒലവക്കോട് റെയിഞ്ചിലെ മുണ്ടൂർ സെക്ഷൻ പുതുപ്പരിയാരം II വില്ലേജിലെ സർവ്വെ നമ്പർ 53/3ബി-ൽ ഉൾപ്പെട്ടതും 12/05/2010-ൽ ഒ.എ. 38/98 നമ്പർ കേസ്സിൽ ബഹു: ഫോറസ്റ്റ് ട്രിബ്യൂണലിൽ നിന്ന് വനം വകുപ്പിന് അനുകൂലവിധിയായതുമായ 6 ഏക്കർ 55 സെന്റ് സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിലെ അപാകത സംബന്ധിച്ച വിഷയം- - ശ്രീ.വി.ജി.അനിൽകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt) No.285/2023/F&WLD തീയതി,തിരുവനന്തപുരം, 27-07-2023

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 27.04.2016 ലെ ബി5-20092/2016 നമ്പർ കത്ത്.
2. 15.04.2021 ലെ എ1/70/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. ശ്രീ.വി.ജി.അനിൽകുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 24.06.2021 തീയതിയായി സമർപ്പിച്ച പ്രതിവാദ പത്രിക.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 07.02.2023 ലെ ബി5-20092/2016 നമ്പർ കത്ത്.
5. ശ്രീ.വി.ജി.അനിൽകുമാർ സമർപ്പിച്ച അനുബന്ധ പ്രതിവാദ പത്രിക.

ഉത്തരവ്

പാലക്കാട് ഡിവിഷനിലെ ഒലവക്കോട് റെയിഞ്ചിൽ മുണ്ടൂർ ഫോറസ്റ്റ് സെക്ഷൻ അരിമണിക്കാട് III — ഇ.എഫ്.എൽ. ബീറ്റിൽ സർവ്വേ നമ്പർ 2/52-ൽ 17.12.2014-ന് ഇ.എഫ്.എൽ.-ൽ നിന്ന് ഒഴിവാക്കാൻ വേണ്ടി മരങ്ങൾ മുറിച്ചുമാറ്റിക്കൊണ്ടിരിക്കുന്നുവെന്നും ഒലവക്കോട് റെയിഞ്ചിലെ മുണ്ടൂർ സെക്ഷൻ സ്റ്റാഫിനെ അറിയിച്ചിട്ടും നടപടി എടുത്തില്ലായെന്നുമുള്ള പരാതിയിന്മേലുള്ള റിപ്പോർട്ട്

ഡി.എഫ്.ഒ. ഒലവക്കോട് റേഞ്ച് ഓഫീസറായിരുന്ന ശ്രീ.അനിൽകുമാറിന് 17-02-2011 ൽ നിർദ്ദേശം നൽകിയിരുന്നതെന്നും, ആക്ട് 26/71 നിലവിൽ വന്ന ശേഷം 1974 മുതൽ വ്യവഹാരത്തിൽപ്പെട്ട് കിടക്കുകയും, അതിർത്തി വ്യക്തമായി വേർതിരിക്കപ്പെട്ടിട്ടില്ലായെന്ന് രേഖകൾ പ്രകാരം കാണുന്നതും അതാത് കാലത്തെ ഡി.എഫ്.ഒ മാർ തന്നെ ബഹു. ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതുമായ ഒരു സ്ഥലം സംരക്ഷിക്കുന്നതിന് അതിർത്തി നിർണ്ണയിക്കേണ്ടതും, കൈയ്യേറ്റങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഒഴിച്ചുകൂടാനാകാത്തതാണെന്നും, കുറ്റാരോപിതനായ ശ്രീ.അനിൽകുമാർ പ്രതിവാദ പത്രികയിൽ വാദിച്ചിട്ടുണ്ട്.

ജനവാസമേഖലയോട് ചേർന്നും, ചിലയിടങ്ങളിലെങ്കിലും തുടർച്ചയായല്ലാതെയുമാണ് ഒലവക്കോട് റേഞ്ചിൽ മിക്ക നിക്ഷിപ്ത വനങ്ങളുമുള്ളതെന്നും, ട്രൈബ്യൂണൽ/കോടതി ഉത്തരവുകളനുസരിച്ച് വിട്ടുകൊടുത്ത സ്ഥലങ്ങൾ ഇതിനിടയിൽ വരികയുംചെയ്യുമെന്നും, ഇത്തരമൊരു സാഹചര്യത്തിൽ പാലക്കാട് ഡിവിഷന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കോഴിക്കോട് ഫോറസ്റ്റ് മിനി സർവെയിലെ സർവ്വേയർമാരുടെ സേവനമാണ് അടിയന്തിരമായി സർവ്വെ ചെയ്യുന്നതിനായി ടിയാൻ ആവശ്യപ്പെട്ടതെന്നും, സ്ഥലം അടിയന്തിരമായി സർവ്വെ ചെയ്യണമെന്നുള്ള അപേക്ഷയെയാണ് ഈ വിഷയം അന്വേഷിച്ച പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കപ്പെടുന്നതിൽ മേലധികാരി നൽകിയ നിർദ്ദേശം പാലിച്ചില്ലെന്ന് തെറ്റായി വ്യാഖ്യാനിച്ചതെന്നും, എന്നാൽ ഇതേ ഫയലിലെ തൊട്ടടുത്ത പേജിൽ തന്നെ പ്രസ്തുത ഒഎ യിൽ ഉൾപ്പെട്ട സ്ഥലം കൈയ്യേറ്റമില്ലാതെ സംരക്ഷിക്കുന്നതിന് പരിശോധിച്ച് തൽസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും മുണ്ടൂർ സെക്ഷൻ ഫോറസ്റ്റർക്ക് അന്ന് തന്നെ ടിയാൻ നൽകിയ നിർദ്ദേശം ദുരുദ്ദേശപരമായി ഒളിച്ചുവെച്ചെന്നും, പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ യുടെ റിപ്പോർട്ടിൽ ഒരു ഭാഗത്തും പ്രസ്തുത നിർദ്ദേശം പരാമർശിച്ചിട്ടില്ലായെന്നും, നിർദ്ദേശം പാലിക്കാതിരുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും, ബീറ്റ് ഓഫീസർമാരെയും കുറ്റവിമുക്തരാക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണെന്നും, വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിൽ അധികാരപരിധിയുള്ള ഫ്ലൈയിംഗ് സ്ക്വാഡ് റേഞ്ച് ഓഫീസർക്കും ഫ്ലൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ മാർക്കും ഉത്തരവാദിത്വമുണ്ടെന്ന് വനം വകുപ്പ് സർക്കുലർ നിലവിലുണ്ടെന്നിരിക്കെ വനഭൂമി അന്യാധിനപ്പെടാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും കേസിൽ ഉൾപ്പെട്ട സർക്കാർ അനുകൂലവിധി വന്ന ഭൂമി അതിർത്തി നിശ്ചയിച്ച് കൈയ്യേറ്റം ഉണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനും അല്ലാത്തപക്ഷം ജണ്ടകൾ കെട്ടി സംരക്ഷിക്കുന്നതിനുമായി സർവ്വേയർമാരുടെ സേവനം ആവശ്യപ്പെടുകയും സെക്ഷൻ ഫോറസ്റ്റർക്ക് നിർദ്ദേശം നൽകുകയും ചെയ്തു എന്നുള്ളതാണ് ടിയാന്റെ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതെന്നും, ഈ കാലഘട്ടത്തിലൊന്നും മരങ്ങൾ മുറിച്ച് നീക്കം ചെയ്യപ്പെടുകയോ ഭൂമി തരംമാറ്റപ്പെടുകയോ ചെയ്തിട്ടില്ലായെന്നും 2008 ജൂലൈ 25 മുതൽ 2011 ജൂലൈ 31 വരെയാണ് ടിയാൻ ഒലവക്കോട് റേഞ്ച് ഓഫീസറായി ജോലി ചെയ്തിരുന്നതെന്നും, ടിയാൻ ഒലവക്കോട് റേഞ്ചിൽ നിന്നും 31-07-2011 ൽ സ്ഥലം മാറിപ്പോയിട്ടുള്ളതും 31-07-2011 മുതൽ നിയമവിരുദ്ധമായി മരങ്ങൾ മുറിച്ച് നീക്കം ചെയ്ത 2014 വരെയുള്ള കാലയളവിൽ ശ്രീ.റ്റി.എസ്. സുരേന്ദ്രനായിരുന്നു ഒലവക്കോട് റേഞ്ച് ഓഫീസർ ആയിരുന്നതെന്നും, മൂന്നു വർഷത്തിലധികം ഉണ്ടായിരുന്നിട്ടും കുറ്റകൃത്യം തടയുന്നതിനും സ്ഥലം അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിനും പരാജയപ്പെട്ട ശ്രീ.റ്റി.എസ്.സുരേന്ദ്രനെ ടി കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായും ടിയാൻ വാദിച്ചിട്ടുണ്ട്.

ശ്രീ.വി.ജി.അനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കത്ത് എഴുതിയിട്ടുള്ള കാര്യവും കൂടാതെ ടി സ്ഥലം കൈയ്യേറ്റമില്ലാതെ സംരക്ഷിക്കുന്നതിനും തൽസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും മുണ്ടൂർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയ കാര്യവും ശരിയാണെന്നും കൂടാതെ ടിയാൻ 31.07.2021 -ന് ഒലവക്കോട് റെയിഞ്ചിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ മേൽ വിഷയത്തിനാധാരമായ മരംമുറി നടന്നിട്ടുള്ളത് 2014-ൽ

ആണെന്നും ശ്രീ.വി.ജി.അനിൽകുമാറിന്റെ കാലയളവിൽ പ്രസ്തുത സ്ഥലം സർവ്വെ നടത്തി തിട്ടപ്പെടുത്തുകയുണ്ടായിട്ടില്ലായെന്നും ടിയാന്റെ സർവ്വേ നടത്തി സ്ഥലം വേർതിരിച്ച് സംരക്ഷിച്ചിരുന്നുവെങ്കിൽ കുറ്റകൃത്യം നടക്കില്ലായിരുന്നു എന്ന അനുമാനം ഒഴിച്ചുനിർത്തിയാൽ 31.07.2011 -ന് വിടുതൽ ചെയ്ത ശ്രീ.വി.ജി.അനിൽകുമാർ മേൽ കേസുമായി ബന്ധപ്പെട്ടിട്ടുള്ള സർക്കാർ നഷ്ടതുകയായ 84,500/- രൂപയ്ക്ക് ഉത്തരവാദിയല്ലന്നും ശ്രീ.വി.ജി.അനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ഒലവക്കോട് റെയിഞ്ചിന്റെ ചുമതല വഹിച്ചിരുന്നത് 25.07.2008 മുതൽ 31.07.2011 വരെയുള്ള കാലയളവിലാണെന്നും കുറ്റപത്രത്തിൽ പരാമർശിക്കുന്ന നിർദ്ദേശം നൽകിയതിനു ശേഷം (24.01.2011—ൽ) ആറ് മാസം കൂടെ ഒലവക്കോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തിരുന്നുവെന്നും കുറ്റപത്രത്തിലെ രണ്ടാമത്തെ ചാർജ്ജിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന മരംമുറി നടന്നിട്ടുള്ളത് അതിനു ശേഷമുള്ള 2014 വരെയുള്ള കാലയളവിലാണ്. 01.08.2011 മുതൽ ശ്രീ.റ്റി.എസ്. സുരേന്ദ്രൻ ആയിരുന്നു ഒലവക്കോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മുണ്ടൂർ സെക്ഷൻ സ്റ്റാഫ് 18.10.2014 — ൽ സമ്മറി എവിക്ഷൻ നടത്തി സ്ഥലം സർക്കാർ അധീനതയിലാക്കിയതായി ഫ്ളയിംഗ് സ്ക്വാഡ് റിപ്പോർട്ടിൽ പരാമർശിക്കുന്നു. പിന്നീടാണ് (18.12.2014—ൽ) റബ്ബർ മരങ്ങൾ മുറിച്ചതിന് ആദ്യമായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് അധികമായി പഴയ കുറ്റികൾ കണ്ടെത്തി മഹസ്സറുകൾ തയ്യാറാക്കുകയും ചെയ്തത്.

മരംമുറി നടന്ന കാലയളവിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.റ്റി.എസ്.സുരേന്ദ്രനെ 09.08.2019-ലെ സ.ഉ.(സാധാ.) നമ്പർ 322/2019/വനം ഉത്തരവ് പ്രകാരം ടി കേസിൽ നിന്നും പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നും നിർദ്ദേശം പാലിക്കാതിരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരേയും കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നും പാലക്കാട് ഡിവിഷൻ ഓഫീസിൽ അന്വേഷിച്ചതിൽ ഒലവക്കോട് റെയിഞ്ച് ഒ.ആർ.10/14 കേസ് സി.സി.1113/19 ആയി കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും ടി കേസ് ഇപ്പോഴും തുടർന്നു വരികയാണെന്നും ഈ സാഹചര്യത്തിൽ ശ്രീ.വി.ജി. അനിൽകുമാറിന്റെ പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ പരിഗണനാർഹമാണെന്ന് ഭരണവിഭാഗം APCCF പരാമർശം(4) പ്രകാരംറിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ.അനിൽകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു.

OA 32/98 കേസ്സിലെ വിധിക്കെതിരെ ശ്രീ.സുനിൽ കുമാർ, കണ്ടമ്പടിപുരയ്ക്കൽ, മുട്ടിക്കുളങ്ങര ( OA 32/98-ലെ അപേക്ഷകൻ) എന്നയാൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ MFA 21/11 ആയി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി MFA 21/11 ബഹു. കേരള ഹൈക്കോടതി 07.01.2011 ൽ ഫയലിൽ സ്വീകരിച്ചിട്ടുള്ളതും, ബഹു. കേരള ഹൈക്കോടതിയുടെ 902.02.2023 തീയതി ഉത്തരവ് പ്രകാരം MFA 21/11 ഡിസ്മിസ് ചെയ്തിട്ടുള്ളതും OA 32/1998 ൽ ബഹു. ട്രിബ്യൂണൽ 12.05.2010 ൽ പുറപ്പെടുവിച്ച ഉത്തരവ് confirm ചെയ്തിട്ടുള്ളതുമാണെന്നും 07.01.2011-ൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട MFA 21/11 കേസിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ സർവ്വേ അതിർത്തി നിർണ്ണയം, നിയമപരമായ മുന്നൊരുക്കങ്ങൾ എന്നിവയില്ലാതെ ഭൂമി ഏറ്റെടുക്കുന്നത് കോടതി) അലക്ഷ്യ കുറ്റം ഉൾപ്പടെ വിളിച്ച് വരുത്തിയേക്കാവുന്നതാണെന്നും 31.07.2011 വരെ ഭൂമിയിൽ തൽസ്ഥിതിക്ക് മാറ്റം വരാതെ സംരക്ഷിച്ചിട്ടുള്ളതുമാണെന്നും നിലവിൽ ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്ത് സർവ്വെ നടത്തി അതിർത്തികൾ ജണ്ടകെട്ടി സംരക്ഷിച്ച് വരുന്നതും MFA 21/11 കേസ്സിൽ സർക്കാർ അനുകൂല ഉത്തരവായിട്ടുള്ളതുമാണെന്നും കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു സ്ഥലത്ത് കോടതി അനുമതിയില്ലാതെ തൽസ്ഥിതിക്ക് മാറ്റം വരുത്തുന്നത് കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും MFA 21/11 കേസ്സിൽ ഉൾപ്പെട്ടു വരുന്ന സ്ഥലത്ത് അനധികൃത കയ്യേറ്റം നടത്തി റബ്ബർ മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ട് പോയത് സംബന്ധിച്ച് ഒലവക്കോട് റെയിഞ്ചിൽ OR-10/2014 തീയതി 12.10.2014

ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും ടി കേസ്സിൽ അന്വേഷണം നടത്തി (1) ശ്രീ.സുനിൽ കുമാർ (2).ശ്രീ.അരവിന്ദാക്ഷൻ.സി.ആർ (3).സോണി എം.ജി. എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഗുഡ്സ് ആട്ടോറിക്ഷ (വില 50,000), മെഷീൻ സോ (വില 3,000) എന്നിവ പിടിച്ചെടുത്തിട്ടുള്ളതും നഷ്ടപ്പെട്ട റബ്ബർ മരങ്ങൾക്ക് 6 3 , 0 0 0 / - രൂപ നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളതുമാണെന്നും OR - 32/98 കേസിൽ ഉൾപ്പെട്ടു വരുന്നതായ മേൽ വസ്തുതകൾ പരിശോധിച്ചാൽ MFA 21/11 കേസ്സ് ബഹു. ഹൈക്കോടതിയിൽ നിൽക്കെ റബ്ബർ മരങ്ങൾ മുറിച്ചതടക്കമുള്ള കുറ്റകൃത്യങ്ങൾക്കും സർക്കാർ നഷ്ടത്തിനും ടിയാൻ ഉത്തരവാദിയല്ലന്നും തന്നെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ. അനിൽകുമാർ നേരിൽ കേട്ട വേളയിൽ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും നേരിൽ കേട്ടപ്പോൾ ഉന്നയിച്ച വസ്തുതകളുടെയും ശ്രീ. അനിൽകുമാർ പരാമർശം(5) പ്രകാരം സമർപ്പിച്ച അനുബന്ധപ്രതിവാദപത്രികയുടെയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും പരിഗണിക്കുമ്പോൾ ടിയാൻ സർവ്വെ നടത്തി സ്ഥലം വേർതിരിച്ച് സംരക്ഷിച്ചിരുന്നുവെങ്കിൽ കുറ്റകൃത്യം നടക്കില്ലായിരുന്നു എന്ന അനുമാനം ഒഴിച്ചു നിർത്തിയാൽ മേൽ വിഷയത്തിൽ ടിയാന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് സർവ്വെ നടത്തി ജണ്ട കെട്ടി സംരക്ഷിച്ചു വരുന്നതായും MFA 21/11 കേസിൽ ഉൾപ്പെട്ട് വരുന്ന സ്ഥലത്ത് അനധികൃത കൈയ്യേറ്റം നടത്തി റബ്ബർ മരങ്ങൾ മുറിച്ചു കടത്തിയതു സംബന്ധിച്ച് ഒലവക്കോട് റെയിഞ്ചിൽ OR 10-2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്തു വസ്തുവകകൾ പിടിച്ചെടുത്തതായും വ്യക്തമാകുന്നു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.അനിൽകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ കുറ്റവിമുക്തനാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJAN.A
ADDITIONAL SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.വി.ജി. അനിൽകുമാർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വനം വന്യജീവി(എഫ്) വകുപ്പ്
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anjaly Devi A G
Date: 27-07-2023 12:16:50